## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1755 | 03.05.2017 ൽ മറുപടിയ്ക്ക്

## ഭക്ഷ്യഭദ്രത നിയമം

ചോദ്യം
ശ്രീ. വി. അബ്ദുറഹിമാൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യഭദ്രത നിയമത്തിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആവശ്യമായ എല്ലായിടത്തും ഗോഡൗണുകൾ സജ്ജീകരിക്കാൻ എന്തെങ്കിലും പ്രത്യേക സൗകര്യം ആലോചിക്കുന്നുണ്ടോ; | (ബി) യും (സി) യും | കെ.എസ്.ഡബ്ല്യൂ.സി, സി.ഡബ്ല്യൂ.സി. മുഖേനയാണ് കൂടുതൽ ഗോഡൗണുകളും ക്രമീകരിച്ചിട്ടുള്ളത്. നിലവിൽ സംസ്ഥാനത്തുടനീളം എല്ലാ താലൂക്കുകളിലും ഗോഡൗണുകൾ സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഒരു താലൂക്കിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് ഉതകുന്ന തരത്തിൽ വിസ്തൃതിയുള്ള ഗോഡൗൺ ഒരു സ്ഥലത്ത് മാത്രമായി പല താലൂക്കുകളിലും ലഭ്യമല്ലാത്തതിനാൽ ഒന്നിൽ കൂടുതൽ ഗോഡൗണുകൾ ഉപയോഗിക്കേണ്ടിവരുന്നത് സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇത് ഒഴിവാക്കുന്നതിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുവാൻ ഉതകുന്ന തരത്തിൽ ശാസ്ത്രീയമായ രീതിയിൽ റേഷൻ മൊത്തവ്യാപാര ഗോഡൗണുകൾ സ്ഥാപിക്കുവാൻ സംസ്ഥാനത്തെ റവന്യൂ, പുറമ്പോക്ക് ഭൂമി സപ്ലൈകോയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ എങ്ങനെയാണ് പുതിയ ഗോഡൗൺ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ